# ECHO OF HIS CALL

MALAYALAM

## വിളിയുടെ പ്രതിധ്വനി

India's National Spiritual Newspaper

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII  YEAR OF OUR LORD JESUS CHRIST, 2026 OCTOBER  No. 12

## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

### യോഹന്നാൻ 1:1 – 10

01. ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു വചനം ദൈവം ആയിരുന്നു.
02. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു.
03. സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല.
04. അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു.
05. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.
06. ദൈവം അയച്ചിട്ടു ഒരു മനുഷ്യൻ വന്നു; അവന്നു യോഹന്നാൻ എന്നു പേർ.
07. അവൻ സാക്ഷ്യത്തിന്നായി താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന്നു വെളിച്ചത്തെക്കുറിച്ചു സാക്ഷ്യം പറവാൻ തന്നേ വന്നു.
08. അവൻ വെളിച്ചം ആയിരുന്നില്ല; വെളിച്ചത്തിന്നു സാക്ഷ്യം പറയേണ്ടുന്നവനത്രേ.
09. ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു.
10. അവൻ ലോകത്തിൽ ഉണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി; ലോകമോ അവനെ അറിഞ്ഞില്ല.

# നീ പ്രകാശിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു!

YOU ARE CALLED TO SHINE !

*സിസ്റ്റർ എയ്ഞ്ചലിൻ*



എന്റെ പ്രീയപ്പെട്ട വിളിയുടെ പ്രതിധ്വനി കുടുംബാംഗങ്ങൾക്ക് നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ സ്നേഹവന്ദനം.

ഇന്ത്യയിൽ ദീപാവലി മാസം വളരെ സവിശേഷമായ ഒരു കാലഘട്ടമാണ്. ഇരുളിന്മേൽ വെളിച്ചം നേടിയ വിജയത്തെ സൂചിപ്പിക്കുന്ന 'ദീപങ്ങളുടെ ഉത്സവം' എന്നതിനാൽ രാജ്യത്തുടനീളവും, ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾ ഇത് ആഘോഷിക്കുന്നു.

ലോകമെമ്പാടുമുള്ള ഇന്ത്യക്കാർ ദീപാവലി ആഘോഷിക്കുന്നത് കാണുമ്പോൾ, അതിനേക്കാൾ മഹത്തായ മറ്റൊരു വെളിച്ചത്തെക്കുറിച്ച് ചിന്തിക്കാതിരിക്കാൻ കഴിയുന്നില്ല. അതാണ് 'ലോകത്തിന്റെ വെളിച്ചമായ' കർത്താവായ യേശുക്രിസ്തു. നമ്മുടെ കണ്ണുകൾ തുറക്കുന്നതിനും, പ്രത്യാശ നഷ്ടപ്പെട്ടവരിൽ പ്രത്യാശ ഉളവാക്കുന്നതിനും, ഇരുളിൽനിന്നും അവിടുത്തെ അത്ഭുതകരമായ വെളിച്ചത്തിലേക്ക് നമ്മെ നയിക്കുന്നതിനുമായാണ് ക്രിസ്തു നമ്മുടെ അന്ധകാരത്തിലേക്ക് കടന്നുവന്നത്.

## ക്രിസ്തുവിന്റെ വെളിച്ചം ഇരുളിലേക്ക് കടന്നുവരുമ്പോൾ!

***സൃഷ്ടിയുടെ പ്രക്രിയയിൽ ദൈവം അരുളിച്ചെയ്ത ആദ്യത്തെ വാക്കുകൾ ഇതായിരിന്നു:***

**വെളിച്ചം ഉണ്ടാകട്ടെ...** ഉല്പത്തി 1:3

ഉല്പത്തി 1:1–4 വരെയുള്ള വാക്യങ്ങളിൽ രൂപമില്ലാത്തതും ശൂന്യവും അന്ധകാരത്താൽ നിറഞ്ഞതുമായ ഒരു ലോകത്തെ ചിത്രീകരിക്കുന്നു. എന്നാൽ അതിന്റെ അന്ത്യം അന്ധകാരമല്ല, ദൈവം അരുളിച്ചെയ്തപ്പോൾ വെളിച്ചം കടന്നുവന്നു.

*3–ാം പേജിൽ തുടരും...*

**Echo of His Call**

*Christian YouTube Channel!*



Every day 2 minutes message by

**Pr. S. Sam Selva Raj!**

in English, Hindi Language - 1.00 A.M.,
in Tamil & Telugu Language - 2.00 A.M.

and

Tamil & English Message & Prayer

**Sunday 8.30 A.M. & 6.00 P.M.**

Please Subscribe if you are blessed! Share with whom you love & care!!

ECHO OF HIS CALL - (Marching towards 60th year)
Estd. 1969

# from your dearly beloved brother...





### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

HON. EDITOR-IN-CHIEF
Rev. Dr. Angeline S. Kumari, M.A., M.Sc., M.Ed.
EX MANAGING EDITOR
Pastor Alex Samson Sam, B.Th., M.Div.
EX ADMINISTRATOR
Sis. Jesy Veena Sam
GENERAL MANAGER
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM., MBA.
ADMINISTRATION
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
EDITORIAL BOARD
Sis. Sajini Cherian
Rev. Dr. J. John Rajarathnam, B.E.S., B.D., M.Th.
Rev. Dr. K.R. Rajasekaran
Adv. N. Balaji, B.Com., M.L.
EDITOR, PUBLISHER & PRINTER
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293
Cell : (+91) 98410 71852, 98412 71858
E.MAIL
sam@echoofhiscall.org
biblecor@yahoo.co.in
WEBSITES
www.echoofhiscall.org
www.stpaulsmatriculation.org
YOUTUBE CHANNEL
Echo of His Call

**ആകയാൽ ഞാൻ ഈ പ്രാവശ്യം അവരെ ഒന്നു പഠിപ്പിക്കും; എന്റെ കയ്യും എന്റെ ബലവും ഞാൻ അവരെ ഒന്നു അനുഭവിപ്പിക്കും; എന്റെ നാമം യഹോവ എന്നു അവർ അറിയും.**

**- യിരെമ്യാവു 16:21**

കർത്താവിൽ പ്രിയരേ,

ദൈവത്താൽ വിളിക്കപ്പെട്ടതിനുശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വസിക്കുന്ന നമ്മുടെ പ്രീയ സഹോദരീസഹോദരന്മാരെ ഓർക്കുന്നതിലും അവർക്ക് അഭിവാദ്യം അർപ്പിക്കുന്നതിലും അതിയായ സന്തോഷമുണ്ട്. ദൂരമോ ഭാഷയോ സാഹചര്യങ്ങളോ തടസ്സമാകാതെ, കർത്താവിൽ ഒന്നായിരിക്കാൻ ലഭിച്ച ഈ പദവിയെക്കുറിച്ച് ഞങ്ങൾ അങ്ങേയറ്റം കൃതജ്ഞതയുള്ളവരാണ്.

## ഒരു എളിയ തുടക്കം

1969 ഓഗസ്റ്റ് 10ന് നെല്ലറൈക്കോണം എന്ന ഗ്രാമത്തിലെ നെയ്യൂർ സി.എസ്.ഐ. പള്ളിയിൽ **ഗുഡ് ന്യൂസ് പ്രെയർ ബാൻഡ്** എന്ന പേരിൽ **വിളിയുടെ പ്രതിധ്വനി** രൂപം കൊണ്ടതോടെയാണ് ഇതിനു തുടക്കമായത്. കർത്താവായ യേശുവിനെ അറിയാതെ, അവനിൽനിന്നു അകന്ന്, നിത്യനാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന മനുഷ്യരെക്കുറിച്ചുള്ള യഥാർത്ഥ ഭാരവും ദർശനവും ലഭിച്ച ഏതാനും യുവതീയുവാക്കൾ ചേർന്നാണ് ഇതിനു തുടക്കമിട്ടത്.



ഇത് സംഭവിക്കുന്നത് എന്റെ ചെറുപ്പത്തിലാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു നമുക്കുവേണ്ടി തന്റെ വിലയേറിയ രക്തം ചീന്തി പുതുജീവൻ നൽകിയ കാൽവരിയിലെ ആഹ്വാനത്തോടു പ്രതികരിച്ച ആ യുവജനങ്ങളുടെ അനുസരണത്തെയും സമർപ്പണത്തെയും ദൈവം അത്യധികം മാനിച്ചിരിക്കുന്നു.

കാലക്രമേണ, ആ എളിയ തുടക്കം **വിളിയുടെ പ്രതിധ്വനി** എന്ന ശുശ്രൂഷയായി വളർന്നു വികസിച്ചു. ഇത് ദൈവം നൽകിയ പേരാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇന്ത്യ, ശ്രീലങ്ക, മലേഷ്യ, സിംഗപ്പൂർ, ഇന്തൊനേഷ്യ, ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്ക, അമേരിക്ക, കാനഡ, സ്കോട്ട്ലാൻഡ്, ലണ്ടൻ, യുണൈറ്റഡ് കിംഗ്ഡത്തിന്റെ മറ്റു ഭാഗങ്ങൾ തുടങ്ങി ലോകത്തിന്റെ വിവിധ ഇടങ്ങളിലേക്കും അതിനപ്പുറത്തേക്കും ഈ ശുശ്രൂഷ വ്യാപിപ്പിക്കാൻ കർത്താവ് കൃപയോടെ ഞങ്ങളെ പ്രാപ്തരാക്കി.

നമ്മുടെ കർത്താവായ യേശുക്രിസ്തു എത്ര മഹാനാണ്!

ചിറകുകൾ വിരിച്ചുയരുവാൻ മാത്രമല്ല കർത്താവ് ഞങ്ങളെ പ്രാപ്തരാക്കിയത്, മറിച്ച് വിവിധ മാർഗ്ഗങ്ങളിലൂടെ ഈ ശുശ്രൂഷയെ ആയിരക്കണക്കിന് ജനങ്ങൾക്ക് അനുഗ്രഹത്തിന്റെ ഉറവിടമാക്കിത്തീർക്കുകയും ചെയ്തു. അവയിൽ പെടുന്നവ താഴെ പറയുന്നു:

- 16 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്ന **വിളിയുടെ പ്രതിധ്വനി** മാസിക,
- 3 ഭാഷകളിലുള്ള **നെഹെമ്യ ബൈബിൾ കോളേജുകൾ**,
- **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ** - ഗ്രാമീണ ഇംഗ്ലീഷ് മീഡിയം സ്കൂൾ,
- 2 ഭാഷകളിലുള്ള വേദശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സ്,
- ബൈബിൾകോർ - 3 ഭാഷകളിലുള്ള അടിസ്ഥാന വേദപഠന കോഴ്സുകൾ,
- ബഹുഭാഷാ മിഷൻ സഭകൾ,
- സുവിശേഷ അച്ചടിശാല,
- പരിശീലന പരിപാടികൾ,
- സാമൂഹിക സേവനങ്ങൾ,

✳ കൂടാതെ ദൈവരാജ്യത്തിന്റെ വളർച്ചക്കായി ഏറ്റെടുത്ത മറ്റു നിരവധി ശുശ്രൂഷകൾ.

## അർദ്ധപ്രാണനായി ഉപേക്ഷിക്കപ്പെട്ട ഒരാൾ



യെരൂശലേമിൽനിന്നു യെരീഹോവിലേക്കു യാത്ര ചെയ്യവേ കള്ളന്മാരുടെ കൈയ്യിൽ അകപ്പെട്ട ഒരാളെ കുറിച്ച് യേശുക്രിസ്തു വിവരിച്ചിട്ടുണ്ട്. അവർ അയാളുടെ വസ്ത്രങ്ങൾ അഴിച്ചെടുക്കുകയും, മുറിവേല്പിക്കുകയും, വഴിയരികിൽ അർദ്ധപ്രാണനായി ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ കഥ അവിടെ അവസാനിച്ചില്ല. ശമര്യക്കാരനായ ഒരു നല്ല മനുഷ്യൻ അവനെ കാണുകയും, അവനോടു കരുണ തോന്നുകയും, അവന്റെ അടുക്കൽ ചെന്ന് മുറിവുകൾ കെട്ടിക്കൊടുക്കുകയും അവനെ ശുശ്രൂഷിക്കുകയും ചെയ്തു.

അതുപോലെതന്നെ, ആത്മീയമായി തകർന്നവരും മുറിവേറ്റവരും അവഗണിക്കപ്പെട്ടവരുമായ ആളുകളുടെ അടുക്കലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഉത്തരവാദിത്തം കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്നു. ഈ വിളി വലിയ ഭാരവും ഉത്തരവാദിത്തവും ഉൾക്കൊള്ളുന്നതാണ്.

## ഭാരവും പോരാട്ടവും

ഞങ്ങളുടെ ചുമലിലുള്ള ഭാരത്തിന്റെയും ഭരണപരമായ ഉത്തരവാദിത്തങ്ങളുടെയും വ്യാപ്തി നിങ്ങൾ മനസ്സിലാക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

ദൈവം ഞങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തങ്ങളുടെ ഭാരം പലപ്പോഴും ഞങ്ങൾ യഥാർത്ഥമായി അനുഭവിക്കാറുണ്ട്. എങ്കിലും എല്ലാ കാലഘട്ടങ്ങളിലും ദൈവം ഞങ്ങളെ താങ്ങുകയും ശക്തിപ്പെടുത്തുകയും ഞങ്ങൾ നേരിടുന്ന വിവിധ പ്രതിസന്ധി ഘട്ടങ്ങളിൽ ഞങ്ങളോടൊപ്പം നടക്കുകയും ചെയ്യുന്നു.

സുവിശേഷം നിരോധിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുമ്പോൾ ശത്രുക്കളിൽനിന്നുള്ള വെല്ലുവിളികൾ ഞങ്ങൾ നേരിടേണ്ടിവരുന്നു. രോഗം, സാമ്പത്തിക ഞെരുക്കങ്ങൾ, നിരാശകൾ, അരക്ഷിതാവസ്ഥ, സത്യത്തെ എതിർക്കുന്നവരിൽനിന്നുള്ള ബുദ്ധിമുട്ടുകൾ എന്നിവയെല്ലാം ഞങ്ങൾ അനുഭവിക്കുന്നു. ചിലപ്പോഴൊക്കെ ഈ യാത്ര അങ്ങേയറ്റം ഭാരമായി അനുഭവപ്പെടാറുണ്ട്.

എങ്കിലും, ഈ സാഹചര്യങ്ങളുടെ മദ്ധ്യേ, ഞങ്ങളെ നയിക്കാനും ശക്തിപ്പെടുത്താനും സംരക്ഷിക്കാനും വഴിനടത്താനും കർത്താവായ യേശുക്രിസ്തു എല്ലാ സാഹചര്യങ്ങളിലും ഞങ്ങളോടു കൂടെയുണ്ടെന്ന് ഞങ്ങൾ ഉറച്ച വിശ്വാസത്തോടെ പ്രഖ്യാപിക്കുന്നു.

യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്താലും ദൈവം നമുക്കു നൽകിയ സാക്ഷ്യത്താലും നാം ശത്രുവിന്മേൽ ജയം പ്രാപിക്കുന്നു.

**അവർ അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു; മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല** - വെളിപ്പാട് 12:11.

ഈ ശുശ്രൂഷയിൽ പലവിധ പോരാട്ടങ്ങൾ നേരിടേണ്ടി വന്നേക്കാം; എങ്കിലും കർത്താവിലാണ് ഞങ്ങളുടെ ആശ്രയം. ഞങ്ങളെ വിളിച്ചവൻ വിശ്വസ്തനാണ്. അവന്റെ ഉദ്ദേശ്യങ്ങൾക്കനുസൃതമായി ഞങ്ങളെ മുന്നോട്ടു നയിക്കുമെന്നു ഉറച്ചു വിശ്വസിക്കുന്നു.

നിങ്ങളുടെ പങ്കാളിത്തം ഞങ്ങൾക്ക് ആവശ്യമാണ്.

ദൈവം ഞങ്ങൾക്കു നൽകിയ ദർശനം അടുത്ത ഘട്ടത്തിലേക്ക് ഉയർത്താൻ ഞങ്ങൾ ശ്രമിക്കുമ്പോൾ നിങ്ങളുടെ പങ്കാളിത്തം ഞങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.

പരാജയങ്ങൾ, അപകടങ്ങൾ, സാമ്പത്തിക ആവശ്യങ്ങൾ, അനിശ്ചിതത്വങ്ങൾ, മറ്റു പല വെല്ലുവിളികൾ എന്നിവയെല്ലാം ഞങ്ങൾ നേരിടുന്നുണ്ട്. അതിനാൽ, പ്രാർത്ഥനയിലൂടെ ഞങ്ങളോടൊപ്പം നിൽക്കാനും ദൈവരാജ്യത്തിനുവേണ്ടിയുള്ള ഈ വലിയ ഉദ്യമത്തെ പിന്തുണയ്ക്കാനും സന്നദ്ധരായ ദൈവമക്കളെ ഞങ്ങൾക്ക് ആവശ്യമുണ്ട്.

കർത്താവ് നിങ്ങളെ നയിക്കുന്നതുപോലെ, ഞങ്ങൾക്കായി പ്രാർത്ഥിക്കാനും സഹായഹസ്തം നീട്ടാനും നിങ്ങൾ തയ്യാറാകുമോ?

നിങ്ങളുടെ പ്രാർത്ഥനകളും പ്രോത്സാഹനവും കൂട്ടായ്മയും പ്രായോഗികമായ പിന്തുണയും ഞങ്ങൾക്ക് അങ്ങേയറ്റം വിലപ്പെട്ടതാണ്. യേശുക്രിസ്തുവിന്റെ രക്ഷയുടെ സന്ദേശം എത്തേണ്ടവരിലേക്ക് എത്തിക്കുവാൻ നമുക്ക് ഒന്നിച്ചു മുന്നേറാം.

ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*

*പാസ്റ്റർ. എസ്. സാം സെൽവരാജ്*

ഇമെയിൽ : sam@echoofhiscall.org

*1-ാം പേജിന്റെ തുടർച്ച...*

**വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി...** ഉല്പത്തി 1:3.

നമ്മുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുന്നതിന്റെ എത്ര ശക്തമായ ചിത്രമാണിത്.

അരാജകത്വവും ആശയക്കുഴപ്പവും പാപവും ശിക്ഷാവിധിയും നിറഞ്ഞ ലോകത്തിലേക്കാണ് കർത്താവായ യേശുക്രിസ്തു കടന്നുവന്നത്. തന്റെ മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും അവൻ മാനവരാശിക്ക് പുതുജീവനും പ്രത്യാശയും വീണ്ടെടുപ്പും രക്ഷയും നൽകി. അന്ധകാരം വ്യാപിച്ചിരുന്നിടത്ത് ദൈവം തന്റെ വചനത്താൽ വെളിച്ചം സൃഷ്ടിച്ചു. അതുപോലെ തന്റെ വെളിച്ചം നമ്മിലേക്ക് പകരുമ്പോൾ അന്തിമവിജയം അന്ധകാരത്തിനല്ല.




### വളരെ അടിയന്തരമായ അറിയിപ്പ്!

**വിളിയുടെ പ്രതിധ്വനി** തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

ഞങ്ങളുടെ കുടുംബങ്ങൾക്ക് പ്രത്യാശയുണ്ട്
ഞങ്ങളുടെ കുട്ടികൾക്ക് പ്രത്യാശയുണ്ട്

ഞങ്ങളുടെ ദാമ്പത്യങ്ങൾക്ക് പ്രത്യാശയുണ്ട്
ഞങ്ങളുടെ ശുശ്രൂഷകൾക്ക് പ്രത്യാശയുണ്ട്
ഞങ്ങളുടെ ഭാവിക്കായി പ്രത്യാശയുണ്ട്

സാഹചര്യങ്ങൾ എത്ര ഇരുളടഞ്ഞതായി തോന്നിയാലും, ദൈവത്തിന്റെ ഒരു വാക്കിന് എല്ലാം മാറ്റിമറിക്കാൻ കഴിയും.

## ദൈവം വെളിച്ചമാണ് - നമ്മൾ പ്രകാശിക്കാൻ വിളിക്കപ്പെട്ടവരുമാണ്!

***യോഹന്നാൻ 1:1-15 നമ്മെ ആദിയിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും യേശുക്രിസ്തുവിന്റെ നിത്യമായ അനന്യത വെളിപ്പെടുത്തുകയും ചെയ്യുന്നു.***

**അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല** - യോഹന്നാൻ 1:4,5.

***അപ്പൊസ്തലനായ യോഹന്നാൻ ഇങ്ങനെ പ്രഖ്യാപിക്കുന്നു:***

**ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ട് ഒട്ടും ഇല്ല...** - 1 യോഹന്നാൻ 1:5.

എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ അനുഗാമിയാകുന്നതിൽ അസാധാരണമായ ഒരു കാര്യമുണ്ട്.

***കർത്താവായ യേശുക്രിസ്തു ഇങ്ങനെ അരുളിച്ചെയ്തു:***

**നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു** - മത്തായി 5:14.

അല്പം ഒന്നു നിന്നിട്ട് അതിനെക്കുറിച്ച് ചിന്തിച്ചുനോക്കൂ.

ദൈവം വെളിച്ചമാകുന്നു.

കർത്താവായ യേശുക്രിസ്തു ലോകത്തിന്റെ വെളിച്ചമാകുന്നു.

അവന്റെ വെളിച്ചം ലോകത്തിൽ പ്രകാശിപ്പിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

ഇത് എത്ര വലിയ ഭാഗ്യമാണ്!

ആ വെളിച്ചത്തിന്റെ ഉറവിടം നാമല്ല, പക്ഷെ അവന്റെ വെളിച്ചം നമ്മിലൂടെ പ്രതിഫലിപ്പിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത്. ആ വെളിച്ചം നമ്മിൽ നിന്നല്ല ഉത്ഭവിക്കുന്നത്. അത് കർത്താവായ യേശുക്രിസ്തുവിൽ നിന്നു വരികയും, അവനിൽ പൂർണ്ണമായി സമർപ്പിക്കപ്പെട്ട ജീവിതങ്ങളിലൂടെ പ്രകാശിക്കുകയും ചെയ്യുന്നു.

തന്റെ അസാധാരണമായ പ്രകാശം വെളിപ്പെടുത്തുന്നതിനുള്ള മാദ്ധ്യമങ്ങളായി സാധാരണക്കാരെ ഉപയോഗിക്കാനാണ് ദൈവം തീരുമാനിച്ചിരിക്കുന്നത്. കർത്താവായ യേശുക്രിസ്തുവിനെ നമ്മുടെ ഉള്ളിലും നമ്മളിലൂടെയും പ്രവർത്തിക്കുവാൻ നാം അനുവദിക്കുകയാണെങ്കിൽ നമ്മുടെ വാക്കുകൾ, പ്രവൃത്തികൾ, സ്വഭാവം, ജീവിതത്തോടുള്ള പ്രതികരണരീതി എന്നിവയിലൂടെ മറ്റുള്ളവർക്ക് ദൈവത്തെ ദർശിക്കുവാൻ സാധിക്കും.

അങ്ങനെയെങ്കിൽ, ഇരുൾ നിറഞ്ഞ ഈ ലോകത്തിൽ പ്രകാശത്തിന്റെ പ്രതിനിധികളായ നമ്മിൽനിന്ന് ദൈവം എന്താണ് പ്രതീക്ഷിക്കുന്നത്?

### 1. ഇരുളിലൂടെ പ്രകാശം ശോഭിക്കുന്നു!

**വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല** (യോഹന്നാൻ 1:5).

പ്രകാശം തിളങ്ങുന്നു എന്നതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ടതും വ്യക്തവുമായ സവിശേഷത. അന്ധകാരത്തിലാണ് പ്രകാശം ഏറ്റവും വ്യക്തമായി തിളങ്ങുന്നത്.

ദൈവം നമ്മെ വിളിച്ചിരിക്കുന്ന സ്ഥലങ്ങളെല്ലാം പ്രകാശപൂരിതവും സൗകര്യപ്രദവുമായതല്ല. മറിച്ച്, നമ്മിലൂടെ ദൈവീക പ്രകാശം മറ്റുള്ളവർക്ക് വെളിപ്പെടേണ്ടതിനായി അന്ധകാരം നിറഞ്ഞ സ്ഥലങ്ങളിലേക്കാണ് അവൻ നമ്മെ അയക്കുന്നത്.

ചിലപ്പോഴൊക്കെ നമ്മൾ ശ്രദ്ധാകേന്ദ്രമാകാൻ ആഗ്രഹിക്കുന്നു. സുഖപ്രദമായ സാഹചര്യങ്ങളും അനുകൂലമായ അവസ്ഥകളും സമാധാനപരമായ ബന്ധങ്ങളും എളുപ്പമുള്ള കാലഘട്ടങ്ങളുമാണ് നാം ആഗ്രഹിക്കുന്നത്. അന്ധകാരം നിറഞ്ഞതും ഏറ്റവും ദുഷ്കരമെന്നു തോന്നിക്കുന്നതുമായ സ്ഥലത്താണ് ദൈവം നമ്മെ ഏറ്റവും ശക്തമായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നത്.

ഒരുപക്ഷെ, ദൈവം നമ്മെ ആക്കിവച്ചിരിക്കുന്നത് ദുഷ്കരമായ തൊഴിൽ മേഖലയിലായിരിക്കാം.

ഒരുപക്ഷെ, കുടുംബത്തിനകത്തുള്ള വെല്ലുവിളികളെയാകാം നിങ്ങൾ നേരിടുന്നത്.

ഒരുപക്ഷെ, ശുശ്രൂഷാ ജീവിതത്തിലെ കഠിനമായ ഒരു ഘട്ടത്തിലൂടെയാകും നിങ്ങൾ കടന്നുപോകുന്നത്.

ഒരുപക്ഷെ, നിങ്ങൾ ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വത്തിലാകാം.

അന്ധകാരത്തിന്റെ ഇടങ്ങളെ നിസ്സാരമായി കാണരുത്.

നിങ്ങളുടെ വെളിച്ചം ഏറ്റവും ശോഭയോടെ പ്രകാശിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്ന സ്ഥലം അതായിരിക്കാം.

***മീഖാ 7:8 ൽ ഇങ്ങനെ പറയുന്നു:***

**ഞാൻ ഇരുട്ടത്തു ഇരുന്നാലും യഹോവ എനിക്കു വെളിച്ചമായിരിക്കുന്നു.**

നമുക്ക് ഇരുട്ടിൽ ഇരിക്കേണ്ടി വരുന്ന കാലഘട്ടങ്ങൾ ഉണ്ടായേക്കാം; എന്നാൽ അവിടെയും ദൈവം നമുക്കു വെളിച്ചമായിരിക്കുന്നു.

***സങ്കീർത്തനങ്ങൾ 18:28 ൽ ഇങ്ങനെ പ്രഖ്യാപിക്കുന്നു:***

**നീ എന്റെ ദീപത്തെ കത്തിക്കും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും.**

***സങ്കീർത്തനങ്ങൾ 23:4 ഇങ്ങനെ ഓർമ്മിപ്പിക്കുന്നു:***

**കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ.**

പ്രിയ സഹോദരീ സഹോദരന്മാരേ, ഇന്നു നിങ്ങൾ അന്ധകാരത്താൽ മൂടപ്പെട്ടിരിക്കുന്നു എന്നു തോന്നുന്നെങ്കിൽ ധൈര്യം കൈവിടരുത്. ദൈവം നിങ്ങളോടുകൂടെയുണ്ട്. ഒരുപക്ഷെ നിങ്ങൾ കൂരിരുൾ താഴ്വരയിൽകൂടെ നടക്കുകയായിരിക്കാം, എന്നാൽ നിങ്ങൾ ഒറ്റയ്ക്കല്ല. നാം സ്വയം അന്ധകാരമായി മാറിക്കൊണ്ടല്ല ഇരുളിനെ അതിജീവിക്കേണ്ടത്.

ഒരു ഇരുളടഞ്ഞ മുറിയിൽ വെളിച്ചം തെളിയിക്കുമ്പോൾ താനേ ഇരുൾ അപ്രത്യക്ഷമാകുന്നു. ഇരുട്ട് വെളിച്ചത്തിനു വഴിമാറിക്കൊടുക്കുന്നു.

അതിനാൽ, പ്രകാശിച്ചുകൊണ്ടിരിക്കുക!

### 2. ഇരുളിനു വെളിച്ചത്തെ കീഴടക്കാനാവില്ല!

ഇരുൾ ശക്തമാണെന്നും ഭയപ്പെടുത്തുന്നതായും തോന്നാം. ഭാവി അനിശ്ചിതമാണെന്നു തോന്നിപ്പിക്കാനും നമ്മിൽ ഭയം ഉണ്ടാക്കുവാനും അതിനു കഴിയും. പക്ഷെ, ഇരുളിനു ഒരു പരിധിയുണ്ട്. അതിനു വെളിച്ചത്തെ കീഴടക്കാനാവില്ല.

***യോഹന്നാൻ 1:5 ഇങ്ങനെ പ്രഖ്യാപിക്കുന്നു:***

**വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; ഇരുളോ അതിനെ പിടിച്ചടക്കിയില്ല.**

ഒരു മുറി എത്ര ഇരുണ്ടതായാലും അതിൽ വെളിച്ചം കടന്നുവരുന്ന നിമിഷം ഇരുളിന്റെ ആധിപത്യം നഷ്ടപ്പെടുന്നു. ലോകത്തിന്റെ വെളിച്ചമായിരിക്കാൻ യേശുക്രിസ്തു നമ്മെ വിളിച്ചിരിക്കുന്നു. എന്നിരുന്നാലും നമ്മുടെ ചുറ്റുമുള്ള എല്ലാത്തിന്റെയുംമേൽ സാഹചര്യങ്ങൾ നിഴൽ വീഴ്ത്തുന്നതുപോലെ തോന്നുന്ന നിമിഷങ്ങൾ ഉണ്ടാകാം.

*6-ാം പേജിൽ തുടരും...*

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ



(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഒക്ടോബർ 19** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷ 2026 ആഗസ്റ്റ് 10-ാം തിയതി 58-ാം വർഷത്തിലേക്ക് പ്രവേശിക്കാൻ അനുവദിച്ച ദൈവീകകൃപകൾക്കായി.

**ഒക്ടോബർ 20** ⇨ 58-ാം വർഷത്തിലേക്കുള്ള പ്രവേശനത്തിന്റെ സമർപ്പണ സ്തോത്രത്തിനായുള്ള കൺവെൻഷൻ ക്രമീകരിക്കുവാനുള്ള സഹായവും കൃപകളും തന്നതിനായി.

**ഒക്ടോബർ 21** ⇨ മറ്റു ശുശ്രൂഷകളെയും പിന്തുണയ്ക്കുവാൻ സഹായിക്കുന്ന ദൈവീക കൃപകൾക്കായി.

**ഒക്ടോബർ 22** ⇨ ദൈവീകശാസ്ത്ര സെമിനാറുകൾ ക്രമമായി നടത്തുവാൻ സഹായിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഒക്ടോബർ 23** ⇨ 1969 മുതൽ വിശ്വസ്തതയോടും സമർപ്പണത്തോടും തുടരുന്ന ഞങ്ങളുടെ മാസികാ ശുശ്രൂഷയെ അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 24** ⇨ ഞങ്ങളുടെ ജീവനക്കാരുടെ കുടുംബങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഒക്ടോബർ 25** ⇨ ഞങ്ങളുടെ എല്ലാ പങ്കാളികളോടും കുടുംബങ്ങളോടും അങ്ങ് കാണിക്കുന്ന കരുണയ്ക്കും വിശ്വസ്തതക്കുമായി.

**ഒക്ടോബർ 26** ⇨ സുവിശേഷം ഇതുവരെ എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്ന കൃപയോടുകൂടിയ വഴികാട്ടലിനായി.

**ഒക്ടോബർ 27** ⇨ മുഖ്യസഭയെയും ശാഖാസഭകളെയും അനുഗ്രഹിച്ചതിനായും കൂടുതൽ വിശ്വാസികളെ സഭയോടു ചേർക്കുന്നതിനായും.

**ഒക്ടോബർ 28** ⇨ മഹാബലിപുരത്തെ ജീസസ് മിഷൻ ചർച്ചിൽ വച്ച് ഓഗസ്റ്റ് 10-ാം തിയതി നടന്ന പുരുഷന്മാരുടെ പ്രത്യേക യോഗത്തെ അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 29** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകൾ** എന്നിവയെ ദൈവം അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 30** ⇨ മുഖ്യസഭയിൽ നടന്ന സ്ത്രീകളുടെ കൂട്ടായ്മയെ അനുഗ്രഹിച്ചതിനായി.

**ഒക്ടോബർ 31** ⇨ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബത്തെയും ദൈവം സമൃദ്ധിയായി അനുഗ്രഹിച്ചതിനായി.

**നവംബർ 01** ⇨ കഴിഞ്ഞ മാസത്തെ എല്ലാ ആത്മീയവും സാമ്പത്തികവുമായ ആവശ്യങ്ങൾ നിറവേറ്റിയതിനായി.

**നവംബർ 02** ⇨ എല്ലാ അസ്സോസിയേറ്റ് എഡിറ്റർമാരെയും കുടുംബങ്ങളെയും അനുഗ്രഹിച്ചതിനായി.

**നവംബർ 03** ⇨ ലോകം മുഴുവനുമുള്ള ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയുംമേൽ അങ്ങയുടെ സംരക്ഷണവും കരുണയും കൃപയും ഉണ്ടാകുവാൻ.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**നവംബർ 04** ⇨ ലഹരി മരുന്നുകൾ ലഹരി വസ്തുക്കൾ എന്നിവയുടെ അടിമത്തത്തിൽനിന്നും കുട്ടികളും യുവാക്കളും വിടുവിക്കപ്പെടുവാൻ.

**നവംബർ 05** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയ്ക്ക് സമർപ്പിതരായ ജീവനക്കാർ ലഭ്യമാകുവാനായി.

**നവംബർ 06** ⇨ ആഗോള സാമ്പത്തിക മാന്ദ്യം മാറുവാനും ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസവും പ്രത്യാശയും ലഭിക്കുവാനായി.

**നവംബർ 07** ⇨ **നെഹെമ്യ ബൈബിൾ സായാഹ്ന** കോളേജുകളിലെ വിദ്യാർത്ഥികളുടെ അച്ചടക്കം, സമർപ്പണം, ആത്മീയ വളർച്ച എന്നിവയ്ക്കായി.

**നവംബർ 08** ⇨ എല്ലാ രാജ്യങ്ങളും രാഷ്ട്രങ്ങളും തമ്മിൽ ഐക്യവും സമാധാനവും യോജിപ്പും ഉണ്ടാകുവാനായി.

**നവംബർ 09** ⇨ ലോകമെമ്പാടുമുള്ള ജനങ്ങളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും ക്ഷേമത്തിനുമായി.

**നവംബർ 10** ⇨ സുവിശേഷം എത്തിച്ചേരാത്ത ഇന്ത്യയിലെ ജനവിഭാഗങ്ങളിലേക്ക് സുവിശേഷം എത്തിക്കുന്നതിനുള്ള ദൈവകൃപയ്ക്കും ദൈവീക ശക്തിക്കുമായി.

**നവംബർ 11** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജിനും കുടുംബത്തിനും നല്ല ആരോഗ്യവും ശക്തിയും ദൈവീക സംരക്ഷണവും ലഭ്യമാകുവാനായി.

**നവംബർ 12** ⇨ കുട്ടികളെ കടത്തുന്ന അവസ്ഥ ലോകത്ത് ഇല്ലാതാകുവാനും അതിനു സാദ്ധ്യതയുള്ള കുട്ടികളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി.

**നവംബർ 13** ⇨ എല്ലാ ക്രിസ്തീയ സംഘടനകളുടെയും സഭകളുടെയുംമേൽ ദൈവത്തിന്റെ സംരക്ഷണവും കരുതലും ഉണ്ടാകാനായി.

**നവംബർ 14** ⇨ ക്രിസ്തീയ ശുശ്രൂഷകളിലൂടെ വലിയ അത്ഭുതങ്ങളും അടയാളങ്ങളും വെളിപ്പെടുവാനായി.

**നവംബർ 15** ⇨ എല്ലാ വിശ്വാസികളുടെയും കണ്ണുകൾ പ്രകാശിക്കുവാനും ആത്മീകമായ അറിവും ജ്ഞാനവും വിവേചനശക്തിയും ദൈവം നൽകുവാനായി.

**നവംബർ 16** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ വിദ്യാർത്ഥികളുടെ പഠനത്തെ അനുഗ്രഹിക്കുകയും ജ്ഞാനവും അറിവും നൽകി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദൈവം അവരെ നയിക്കുകയും ചെയ്യുവാനായി.

**നവംബർ 17** ⇨ സ്ത്രീകൾക്കും കുട്ടികൾക്കും ദൈവീക സംരക്ഷണം ലഭ്യമാകുവാൻ.

**നവംബർ 18** ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയ്ക്ക് ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ ദൈവം നൽകുവാൻ.

*4-ാം പേജിന്റെ തുടർച്ച...*

അതൊരു ഡോക്ടറുടെ റിപ്പോർട്ടാകാം.

അതൊരു സർക്കാർ തീരുമാനമാകാം.

അതൊരു വിഷമകരമായ കുടുംബ പ്രശ്നം ആകാം.

അതൊരു സാമ്പത്തിക സമ്മർദ്ദമാകാം.

അതൊരു തിരസ്കരണം ആകാം.

അതൊരു ഏകാന്തത ആകാം.

അതൊരു ആശയക്കുഴപ്പമോ അനിശ്ചിതത്വമോ ഭാവിയെക്കുറിച്ചുള്ള ഭയമോ ആകാം.

***എന്നാൽ ഇത് വ്യക്തമായി കേൾക്കുവിൻ:***

അന്തിമ വിജയം അന്ധകാരത്തിനല്ല.

യേശുക്രിസ്തുവുമായി നാം ബന്ധത്തിലായിരിക്കുമ്പോൾ പ്രകാശത്തിന്റെ ഉറവിടമായി നാം ബന്ധിക്കപ്പെടുന്നു.

ഒരു വിളക്ക് അതിന്റെ ഊർജ്ജസ്രോതസ്സിൽനിന്നും വിച്ഛേദിക്കപ്പെട്ടാൽ തുടർന്നും പ്രകാശിക്കാൻ അതിനു കഴിയുകയില്ല. അതുപോലെ, യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം തണുത്തുപോകുകയോ അകലുകയോ ചെയ്താൽ പ്രകാശിക്കാൻ കഴിയുകയില്ല.

യേശുക്രിസ്തുവുമായുള്ള നമ്മുടെ ബന്ധം പ്രധാനമാണ്; അതാണ് നമ്മുടെ ശക്തി.

നമ്മുടെ പ്രാർത്ഥനാജീവിതം പ്രധാനമാണ്.

ദൈവവചനവുമായുള്ള നമ്മുടെ ബന്ധം പ്രധാനമാണ്.

യേശുക്രിസ്തുവുമായുള്ള നമ്മുടെ കൂട്ടായ്മ പ്രധാനമാണ്.

പരിശുദ്ധാത്മാവിലുള്ള നമ്മുടെ ആശ്രയജീവിതം പ്രധാനമാണ്.

യേശുക്രിസ്തുവിൽനിന്ന് വേർപെട്ടുപോയ വിശ്വാസിക്ക് ആത്മീയമായ ഫലപ്രാപ്തിയോടെ പ്രകാശിക്കാൻ കഴിയില്ല എന്ന് ശത്രുവിന് അറിയാവുന്നതിനാൽ ആ ഉറവിടത്തിൽ നിന്നും നമ്മെ വേർപെടുത്താൻ അവൻ ആഗ്രഹിക്കുന്നു.

എന്നാൽ നാം യേശുക്രിസ്തുവിൽ വസിക്കുമ്പോൾ അവന്റെ പ്രകാശം നമ്മിലൂടെ തുടർന്നും പ്രകാശിക്കുന്നു.

***അതിനാൽ വിശ്വാസത്തോടെ നമുക്ക് ഇങ്ങനെ പ്രഖ്യാപിക്കാം:***

എന്റെ ചിന്തകളിൽ അന്ധകാരത്തിന് അധികാരമില്ല.

എന്റെ ഭാവിയുടെ മേൽ അന്ധകാരത്തിന് അധികാരമില്ല.

എന്റെ കുടുംബത്തിന്മേൽ അന്ധകാരത്തിന് അധികാരമില്ല.

എന്റെ വിളിയുടെമേൽ അന്ധകാരത്തിന് അധികാരമില്ല.

എന്റെ ശുശ്രൂഷയുടെമേൽ അന്ധകാരത്തിന് അധികാരമില്ല.

എന്റെ ഉള്ളിൽ വസിക്കുന്ന കർത്താവായ യേശുക്രിസ്തുവാണ് എന്നെ പ്രകാശിക്കാൻ പ്രാപ്തനാക്കുന്ന പ്രകാശം!

ആമേൻ!

## 3. ഈ കാലഘട്ടത്തിൽ പ്രകാശിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്!

***കർത്താവായ യേശുക്രിസ്തു ഇങ്ങനെ അരുളിച്ചെയ്തു:***

**നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു** (മത്തായി 5:14).

എല്ലാം നന്നായി നടക്കുമ്പോഴും സാഹചര്യങ്ങൾ അനുകൂലമായിരിക്കുമ്പോഴും മാത്രം നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്നല്ല കർത്താവായ യേശുക്രിസ്തു പറഞ്ഞത് എന്നത് ശ്രദ്ധേയമാണ്.

സാഹചര്യങ്ങൾ അനുകൂലമായിരിക്കുമ്പോൾ മാത്രം പ്രകാശിക്കാനല്ല നാം വിളിക്കപ്പെട്ടിരിക്കുന്നത്.

എല്ലാ കാലഘട്ടങ്ങളിലും പ്രകാശിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

തികച്ചും അനുയോജ്യമായ ഒരു കാലഘട്ടം ഉണ്ടായെന്നു വരികയില്ല. തികച്ചും അനുയോജ്യമായ സാഹചര്യവും ഉണ്ടായെന്നു വരികയില്ല. തികച്ചും അനുയോജ്യമായ അന്തരീക്ഷമോ ഒരുപക്ഷെ ഒരിക്കലും ഉണ്ടായെന്നുവരികയില്ല.

എങ്കിലും, ഇരുൾ നീങ്ങിപ്പോകുന്നതുവരെ കാത്തിരുന്നിട്ടു മതി പ്രകാശിക്കാൻ എന്നു ദൈവം നമ്മോടു ആവശ്യപ്പെട്ടിട്ടില്ല.

ഇരുളിന്റെ മദ്ധ്യേ തന്നെ പ്രകാശിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

**മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചു** എന്ന് യോഹന്നാൻ 3:19 നമ്മെ ഓർമ്മിപ്പിക്കുന്നു. അതിനാൽ വെളിച്ചത്തിൽ നടക്കാൻ തീരുമാനിക്കുന്നത് ചിലപ്പോഴൊക്കെ ചുറ്റുമുള്ള ലോകത്തിൽനിന്നു നമ്മെ വ്യത്യസ്തരാക്കിയേക്കാം.

അത് എപ്പോഴും ജനപ്രീയമായിരിക്കണമെന്നില്ല.

അത് എപ്പോഴും മറ്റുള്ളവർക്ക് മനസ്സിലാകണമെന്നുമില്ല.

അത് ചിലപ്പോഴൊക്കെ നമുക്ക് അസ്വസ്ഥതയുണ്ടാക്കിയേക്കാം.

പക്ഷെ ചുറ്റുമുള്ള ഇരുളുമായി ചേർന്നു പോകാനല്ല നാം വിളിക്കപ്പെട്ടത്.

കർത്താവായ യേശുക്രിസ്തുവിന്റെ വെളിച്ചം വഹിക്കാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

ഇരുളിൽ അലിഞ്ഞുചേരുകയല്ല, മറിച്ച് അതിനെ പ്രകാശിപ്പിക്കുക എന്നതാണ് നമ്മുടെ വിളി.

## 4. ദൈവം വെളിച്ചത്തെ ഇരുളിൽ നിന്നു വേർതിരിച്ചു - വേർപിരിയലിന്റെ ജീവിതം!

***ഉല്പത്തി 1:3,4 ഇങ്ങനെ പ്രസ്താവിക്കുന്നു;***

**വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി. വെളിച്ചം നല്ലത് എന്നു ദൈവം കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു.**

ഇതിലെ ക്രമം ശ്രദ്ധിക്കുക.

ദൈവം ഇരുളിലേക്ക് വെളിച്ചത്തെ കൊണ്ടുവന്നു. തുടർന്ന് അവൻ വെളിച്ചത്തെ ഇരുളിൽനിന്നു വേർതിരിച്ചു.

ഇത് ഓരോ വിശ്വാസിക്കും ആഴത്തിലുള്ള സന്ദേശം നൽകുന്നു.

പ്രകാശിക്കുവാൻ മാത്രമല്ല, മറിച്ച് വേർപെട്ടിരിക്കുവാനും കൂടി ദൈവം നമ്മെ വിളിച്ചിരിക്കുന്നു.

മനഃപൂർവ്വം നാം ഇരുളിനെ ആലിംഗനം ചെയ്തുകൊണ്ട് വെളിച്ചത്തെ ഫലപ്രദമായി പ്രതിനിധീകരിക്കാൻ നമുക്കു കഴിയുകയില്ല.

അവിടെ ഒരു വേർതിരിവ് ഉണ്ടായിരിക്കണം.

അവിടെ വിശുദ്ധി ഉണ്ടായിരിക്കണം.

നമ്മുടെ ജീവിതരീതി, സംസാരം, ചിന്തകൾ, ജോലി, മറ്റുള്ളവരുടെ പെരുമാറ്റം, തീരുമാനങ്ങൾ എടുക്കൽ, പൊതുവായ പെരുമാറ്റം, എന്നിവയിലെല്ലാം പ്രകടമായ ഒരു വ്യത്യാസം ഉണ്ടായിരിക്കണം.

നാം പ്രതിനിധീകരിക്കുന്ന ക്രിസ്തുവിനെ നമ്മുടെ ജീവിതം പ്രതിഫലിപ്പിക്കണം.

**ജനങ്ങൾക്കു വെളിച്ചമായിരിക്കാൻ ദൈവജനത്തെ വിളിക്കുന്നതിനെക്കുറിച്ച്** യെശയ്യാവ് 42:5-7 വരെയുള്ള ഭാഗങ്ങൾ പറയുന്നു.

നമുക്കു ലഭിച്ചിരിക്കുന്ന വെളിച്ചം നമ്മുടെ സ്വന്തം ജീവിതത്തിന്റെ അതിരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ടതല്ല.

നമ്മുടെ ഭവനങ്ങൾ ആ വെളിച്ചം അനുഭവിക്കണം.

നമ്മുടെ തൊഴിലിടങ്ങൾ ആ വെളിച്ചം അനുഭവിക്കണം.

നമ്മുടെ സഭകൾ ആ വെളിച്ചം അനുഭവിക്കണം.

നമ്മുടെ സമൂഹങ്ങൾ ആ വെളിച്ചം അനുഭവിക്കണം.

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥന സഹായം – 24 മണിക്കൂർ
02. **വിളിയുടെ പ്രതിധ്വനി**, മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. **ബൈബിൾകോർ** – പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ – ഇംഗ്ലീഷ്, തമിഴ്
05. നെഹെമ്യ ബൈബിൾ കോളേജ് – ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ – സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ – പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ – സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല – പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ – ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സണ്ടേസ്ക്കൂൾ (ചെപ്പോക്ക്) – ഞായർ രാവിലെ 10.30 മണി
    (വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) – ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന – ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന – ഞായർ രാവിലെ 8.00 മണി
16. തമിഴ് ആരാധന – ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ – ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ – ഞായർ ഉച്ചയ്ക്കു 1.00 മണി
19. തെലുങ്ക് ആരാധന – ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന – ഞായർ വൈകുന്നേരം 5.00 മണി
21. തമിഴ് & ഇംഗ്ലീഷ് ആരാധന – ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം – ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം – ബുധൻ വൈകുന്നേരം 5.30 മണി
24. ഹിന്ദി പ്രാർത്ഥന – വ്യാഴം വൈകുന്നേരം 7.00 മണി
25. പുരുഷന്മാരുടെ യോഗം – വെള്ളി വൈകുന്നേരം 7.30 മണി
26. ശിഷ്യത്വ യോഗം – ശനി വൈകുന്നേരം 6.00 മണി
27. ഭവന കൂട്ടായ്മ – ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
28. പ്രത്യേക കർത്തൃമേശ – എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
29. സുവിശേഷകരുടെ അവലോകനം – ആദ്യ ശനി വൈകുന്നേരം 5.30 മണി
30. രക്ഷിതാക്കളുടെ പ്രാർത്ഥന – ആദ്യ ഞായർ വൈകുന്നേരം 4.00 മണി
31. രാത്രി പ്രാർത്ഥന – മൂന്നാം വെള്ളി രാത്രി 9.30 മണി
32. ഉപവാസ പ്രാർത്ഥന – രണ്ടാം ശനി രാവിലെ 9.30 മണി
33. കർത്തൃമേശ – രണ്ടാം ഞായർ ആരാധനയോടൊപ്പം
34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന – ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
35. സ്റ്റാഫുകളുടെ ധ്യാനം – ദിവസവും രാവിലെ 9.00 മണി
36. ഓഫീസ് – രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ)

## നികുതി ഇളവ്

**"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |

നമ്മുടെ തലമുറ ആ വെളിച്ചം അനുഭവിക്കണം.

ദൈവം നമ്മുടെ വിളക്കുകൾ തെളിയിച്ചത് അത് മറച്ചുവെക്കാനല്ല. പ്രകാശിക്കുവാനാണ് അവൻ നമ്മെ വിളിച്ചിരിക്കുന്നത്.

### 5. പ്രകാശത്തിന്റെ കവചം ധരിക്കുക!

***അവസാനമായി, റോമർ 13:12-ൽ നമുക്ക് ഒരു ശക്തമായ ആഹ്വാനമുണ്ട്.***

**രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു; അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വെച്ചുകളഞ്ഞു വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക.**

***തിരുവചനം ഉപയോഗിക്കുന്ന ഭാഷ ശ്രദ്ധിക്കുക:***

"ഇരുട്ടിന്റെ പ്രവൃത്തികൾ ഉപേക്ഷിക്കുക."

"വെളിച്ചത്തിന്റെ കവചം ധരിക്കുക."

വെളിച്ചം എന്നത് നാം വെറുതെ കാണുന്ന ഒന്നല്ല; മറിച്ച് അത് നാം ധരിക്കാനും അതനുസരിച്ച് ജീവിക്കാനും വിളിക്കപ്പെട്ടിരിക്കുന്നതാണ്.

വിട്ടുവീഴ്ചകൾക്കു വഴങ്ങുന്നതിനു പകരം നീതിയെ തിരഞ്ഞെടുക്കുക എന്നതാണ് പ്രകാശത്തിന്റെ കവചം ധരിക്കുക എന്നതിന്റെ അർത്ഥം.

***അതിന്റെ അർത്ഥം ഇതാണ്:***

- ✳ പാപത്തിനു പകരം വിശുദ്ധി തിരഞ്ഞെടുക്കുക.
- ✳ വഞ്ചനയ്ക്കു പകരം സത്യം തിരഞ്ഞെടുക്കുക.
- ✳ കയ്പിനു പകരം ക്ഷമ തിരഞ്ഞെടുക്കുക.
- ✳ ഭയത്തിനു പകരം വിശ്വാസം തിരഞ്ഞെടുക്കുക.
- ✳ സൗകര്യത്തിനു പകരം അനുസരണം തിരഞ്ഞെടുക്കുക.
- ✳ ഈ ലോകത്തിന്റെ രീതികൾക്കും മൂല്യങ്ങൾക്കും ഉപരിയായി കർത്താവായ യേശുക്രിസ്തുവിനെ തിരഞ്ഞെടുക്കുക.

നാം വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിക്കുമ്പോൾ ഇരുട്ടിന്റെ പ്രവൃത്തികൾക്കെതിരെ ഉറച്ചുനിൽക്കാൻ നാം സജ്ജരാകുന്നു.

***നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ!***

പ്രീയമുള്ളവരേ, നീതിമാന്റെ ജീവിതത്തെക്കുറിച്ച് തിരുവചനം നമുക്ക് മനോഹരമായ ഒരു വാഗ്ദാനം നൽകുന്നുണ്ട്:

**നീതിമാന്റെ വെളിച്ചം പ്രകാശിക്കുന്നു...** (സദൃശ്യവാക്യങ്ങൾ 13:9).



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

“വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ” (മത്തായി 24:15)

## തന്റെ ദാസന്മാരെ ഒരിക്കലും ഉപേക്ഷിക്കാത്ത മഹാനായ ദൈവം!

ദൈവീക ശുശ്രൂഷയിലായിരുന്നതിനാൽ എനിക്ക് എല്ലായിടത്തു നിന്നും എതിർപ്പുകൾ വന്നു കൊണ്ടിരുന്നു. അതിനാൽ എന്റെ താമസവും ഓഫീസുമെല്ലാം നിരന്തരം മാറിക്കൊണ്ടിരുന്നു എന്നത് ഒരു സത്യമാണ്.

1978 ൽ ചെന്നൈയിൽ ഒരു വീട് വാടകയ്ക്ക് എടുത്ത് താമസമാകുന്നതിനു മുമ്പ് സാധാരണ ഞാൻ ചെയ്യാറുള്ളതുപോലെ പാസ്റ്റർ ജി. സുന്ദരത്തെ ഭവനം ആശീർവദിക്കാനായി ക്ഷണിച്ചു (പാസ്റ്റർ അപ്പോൾ അപ്പോസ്തലിക് ക്രിസ്ത്യൻ അസംബ്ലി മുഖ്യ പാസ്റ്ററാണ്. അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു). അദ്ദേഹം സ്നേഹവും ബഹുമാനവുമുള്ള ദൈവദാസനും തന്റെ ശിഷ്യനുമായ എം. കെ. സാം സുന്ദരത്തെ അയച്ചു. അദ്ദേഹം ഇപ്പോൾ അപ്പോസ്തലിക് ക്രിസ്ത്യൻ അസംബ്ലിയുടെ മുഖ്യ പാസ്റ്ററാണ്.

ഞങ്ങൾ രണ്ടുപേരും ഒരു ടാക്സിയിൽ സഞ്ചരിച്ചു. എന്റെ കയ്യിൽ അല്പം പണമുണ്ടായിരുന്നു. ആ കാറിൽ ഞങ്ങൾ യാത്ര തിരിക്കുന്നതു മുതൽ അദ്ദേഹം കണ്ണുകളടച്ച് പ്രാർത്ഥനയിലായിരുന്നു. യാത്രയുടെ കൂലി രേഖപ്പെടുത്തുന്ന കാറിന്റെ മീറ്ററിലായിരുന്നു എന്റെ കണ്ണുകൾ.

സമയം പോയിക്കൊണ്ടിരുന്നു. മീറ്ററിൽ എന്റെ പക്കലുള്ള പണത്തിന്റെ അടുക്കൽ വാഹനത്തിന്റെ കൂലി എത്തി. അല്പ നിമിഷത്തിനുള്ളിൽ എന്റെ കൈയ്യിലുള്ള പണത്തിന്റെ അത്രയും ആയി. ഇനിയും വളരെയധികം ദൂരം പോകാനുണ്ട്. എന്റെ കൈയ്യിൽ ഇനി പണമില്ല. എന്റെ കൈയ്യിലുള്ള പണത്തിന്റെ കണക്കിന് ആ വാഹനം ഓടിക്കഴിഞ്ഞു. വാഹനം ഇനിയും മുന്നോട്ടു പോകുകയാണെങ്കിൽ പ്രശ്നമാണെന്ന് ഞാൻ മനസ്സിലാക്കി. എന്റെ ചാരെ വളരെ സീനിയറായ പാസ്റ്ററാണ് ഉള്ളത്. ഞാൻ എന്റെ ഹൃദയത്തിൽ ഇങ്ങനെ കരഞ്ഞു പ്രാർത്ഥിച്ചു: “എന്റെ പിതാവും ദൈവവുമായുള്ളോവേ, ഞാൻ എന്തു ചെയ്യും? എന്റെ കൈയ്യിൽ വേറെ പണമില്ല”. ഞാൻ വിയർക്കാൻ തുടങ്ങി. വാഹനം മുന്നോട്ടു തന്നെ വേഗതയിൽ പോയിക്കൊണ്ടിരുന്നു.

പിന്നീട് ഞാൻ മീറ്ററിൽ നോക്കിയപ്പോൾ എന്റെ കൈയ്യിലുള്ള പണം കവിഞ്ഞ് മീറ്റർ ഓടുന്നില്ല. എന്റെ കണ്ണ് നിറഞ്ഞുപോയി.

ഞങ്ങൾ ഭവനത്തിൽ എത്തി. പാസ്റ്ററിന് ഇതൊന്നും അറിഞ്ഞില്ല. വാഹനത്തിന്റെ പുറത്തിറങ്ങിയപ്പോൾ തന്നെ ഞാൻ ഡ്രൈവറുടെ കരം ഗ്രഹിച്ച് “സഹോദരാ, ഞാൻ ജീവിക്കുന്ന ദൈവത്തിന്റെ ശുശ്രൂഷകനാണ്. എന്റെ കൈയ്യിൽ ഇത്രയും പണമേയുള്ളൂ. എന്റെ കൈയ്യിലുള്ള പണത്തിന്റെ അടുത്തെത്തിയപ്പോൾ മീറ്റർ കേടായി. എനിക്ക് ഒരു മണിക്കൂർ സമയം തന്നാൽ നിങ്ങളുടെ മുഴുവൻ വാടകയും ഞാൻ തരാം. ദയവായി എന്റെ കൂടെ വന്ന അതിഥി ഇതൊന്നും അറിയരുത്” എന്നു പറഞ്ഞു.

പെട്ടെന്ന് ആ ഡ്രൈവർ എന്നെ കെട്ടിപ്പിടിച്ചുകൊണ്ട് “സഹോദരാ, ഞാനും ഈ ദൈവത്തിൽ വിശ്വസിക്കുന്നവനാണ്. നിങ്ങളെ സഹായിക്കാൻ ദൈവം എനിക്ക് ഒരു അവസരം തന്നു എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു” എന്നു പറഞ്ഞു. ഇതു പറഞ്ഞുകൊണ്ട് ഞാൻ അദ്ദേഹത്തിനു നൽകിയ പണം തിരികെ തന്നിട്ട് ഇങ്ങനെ പറഞ്ഞു: “ഇത് എന്റെ കാണിക്കയായി സ്വീകരിക്കണം. നിങ്ങൾ ഭവനത്തിൽ പ്രവേശിക്കുമ്പോൾ പാലും സാധനങ്ങളുമെല്ലാം വാങ്ങുവാൻ ഇത് ഉപകരിക്കും. ഞാൻ ആരാധിക്കുന്ന നമ്മുടെ ദൈവം നിങ്ങളെ ഒരു കോടീശ്വരനാക്കി മാറ്റട്ടെ”. ഇങ്ങനെ പറഞ്ഞിട്ട് അദ്ദേഹം പോയി. എന്റെ ജീവിതത്തിൽ ഒരിക്കൽ പോലും അദ്ദേഹത്തെ പിന്നീട് കണ്ടിട്ടില്ല.

ഞാൻ കുറച്ചു പാൽ വാങ്ങി കാച്ചി ഞങ്ങൾ രണ്ടുപേരുമായി കുടിച്ചു. അന്ന് പാസ്റ്റർ പാടിയ പാട്ട് ഇന്നും എന്റെ ഓർമ്മയിലുണ്ട്. അദ്ദേഹം പാടിയപ്പോൾ ഞാൻ ഉറക്കെ കരയാൻ തുടങ്ങി. അദ്ദേഹം പാട്ടു നിറുത്തിയിട്ട് “ബ്രദർ സാമേ, നീ എന്തിനാണ് ഇങ്ങനെ കരയുന്നത്?” എന്നു ചോദിച്ചു. സംഭവിച്ചതു മുഴുവനും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹവും കരയാൻ തുടങ്ങി. എന്നിട്ട് പറഞ്ഞു “നീ എന്തിനാണ് ഭാരപ്പെട്ടത്? നീ എന്നോട് പറഞ്ഞിരുന്നെങ്കിൽ ഞാൻ പണം തരുമായിരുന്നില്ലേ? എന്തായായാലും ദൈവം നിന്നോടുകൂടെയുണ്ട്. നീ ഭയപ്പെടേണ്ട, ദൈവം നിന്നെ ആയിരങ്ങൾക്കു ഉപയോഗപ്രദമായൊരു ഉപകരണമാക്കി മാറ്റും. നീ അവന്റെ സാക്ഷിയായി മാറും”. ഇങ്ങനെ പറഞ്ഞ് എന്നെ അനുഗ്രഹിച്ചിട്ട് അദ്ദേഹം പോയി.

പ്രിയ സഹോദരാ, സഹോദരീ ഈ സംഭവത്തെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? നിങ്ങളുടെ അനുഭവം എന്താണ്? സർവ്വശക്തനായ ദൈവം നിങ്ങളുടെ ജീവിതത്തിലും മഹത്വപൂർണ്ണമായ അത്ഭുതങ്ങൾ പ്രവർത്തിക്കും. അവനെ തന്നെ മുറുകെ പിടിപ്പിൻ.

---

നാം വെളിച്ചത്തിൽ നടക്കുകയും യേശുക്രിസ്തുവിന്റെ നീതി നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ അനുവദിച്ചാൽ, ഏറ്റവും ദുഷ്കരമായ സാഹചര്യത്തിലും അവന്റെ വെളിച്ചം നമ്മിലൂടെ പ്രകാശിക്കും.

നിങ്ങളുടെ വെളിച്ചം പ്രധാനമാണ്.
നിങ്ങളുടെ സാക്ഷ്യം പ്രധാനമാണ്.
നിങ്ങളുടെ പ്രാർത്ഥനകൾ പ്രധാനമാണ്.
നിങ്ങളുടെ അനുസരണം പ്രധാനമാണ്.
നിങ്ങളുടെ വിശ്വസ്തത പ്രധാനമാണ്.

നിങ്ങളുടെ കുടുംബത്തിന് നിങ്ങളുടെ വെളിച്ചം ആവശ്യമാണ്.

നിങ്ങളുടെ ജോലിസ്ഥലത്ത് നിങ്ങളുടെ വെളിച്ചം ആവശ്യമാണ്.

സമൂഹത്തിന് നിങ്ങളുടെ വെളിച്ചം വേണം.

സഭയ്ക്ക് നിങ്ങളുടെ വെളിച്ചം ആവശ്യമാണ്.

പള്ളിയിൽ ഒരിക്കൽപോലും കടന്നുചെന്നിട്ടില്ലാത്തവർ നിങ്ങളുടെ ജീവിതത്തിലൂടെ പ്രകാശിക്കുന്ന വെളിച്ചം കണ്ട് യേശുക്രിസ്തുവിനെ കണ്ടുമുട്ടിയേക്കാം.

അതുകൊണ്ട് നിങ്ങളുടെ വെളിച്ചം മറച്ചുവെക്കരുത്.

നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് ക്ഷമ ചോദിക്കരുത്.

പ്രതിസന്ധികൾ നിങ്ങളുടെ സാക്ഷ്യത്തെ നിശബ്ദമാക്കാൻ അനുവദിക്കരുത്.

നിങ്ങളുടെ വെളിച്ചം നിസ്സാരമാണെന്നു വിശ്വസിപ്പിക്കാൻ ഇരുട്ടിനെ അനുവദിക്കരുത്.

പ്രകാശിച്ചുകൊണ്ടേയിരിക്കുക.

ഇന്ത്യയിലുടനീളം ആഘോഷിക്കുന്ന ദീപങ്ങളുടെ ഉത്സവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, അതിനെക്കാളേറെ പ്രാധാന്യമുള്ള പ്രകാശത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

അത് ക്ഷണികമായ പ്രകാശമല്ല.

അത് കെടുത്താൻ കഴിയുന്ന പ്രകാശമല്ല.

അത് മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട പ്രകാശമല്ല.

മറിച്ച്, അത് ലോകരക്ഷിതാവായ യേശുക്രിസ്തുവിൽനിന്നുള്ള പ്രകാശമാണ്.

അവൻ നമ്മുടെ അന്ധകാരത്തിലേക്ക് കടന്നുവന്നു.

അവൻ നമ്മുടെ കണ്ണുകൾ തുറന്നു.

അവൻ നമുക്ക് രക്ഷ നേടിത്തന്നു.

അവൻ പാപത്തെയും മരണത്തെയും തോല്പിച്ചു.

***അവൻ ഇപ്പോൾ നമ്മെ വിളിക്കുന്നു:***

**നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു**- മത്തായി 5:14.

അതിനാൽ നമ്മുടെ ഹൃദയങ്ങളെ പരിശോധിച്ചുകൊണ്ട് സ്വയം ചോദിക്കാം:

ഇരുട്ടിന്റെ ഏതു അവസ്ഥയിലേക്കാണ് വെളിച്ചം പകരാൻ എന്നെ വിളിക്കുന്നത്?

പ്രകാശത്തിന്റെ ഉറവിടവുമായി എനിക്ക് ഇപ്പോഴും ബന്ധമുണ്ടോ?

പ്രകാശത്തിൽനിന്നും വേർപെടുത്തേണ്ടതായി എന്തെങ്കിലും എന്റെ ജീവിതത്തിൽ ഉണ്ടോ?

പ്രതിസന്ധികൾ നിറഞ്ഞ സാഹചര്യങ്ങളിലും പ്രകാശം പരത്താൻ ഞാൻ സന്നദ്ധനാണോ?

എന്റെ ജീവിതത്തിലൂടെ കർത്താവായ യേശുക്രിസ്തുവിനെ കാണാൻ മറ്റുള്ളവർക്ക് കഴിയുന്നുണ്ടോ?

***ഇന്ന് നമുക്ക് ഒരു തീരുമാനമെടുക്കാം:***

ഞാൻ പ്രകാശിക്കും.

ക്രിസ്തുവുമായി ഞാൻ ചേർന്നുനിൽക്കും.

ഞാൻ വെളിച്ചത്തിൽ നടക്കും.

ഇരുട്ടിന്റെ പ്രവൃത്തികളെ ഞാൻ ഉപേക്ഷിക്കും.

വെളിച്ചത്തിന്റെ ആയുധവർഗ്ഗം ഞാൻ ധരിക്കും.

യേശുക്രിസ്തുവിന്റെ വെളിച്ചം കുടുംബത്തിലും സഭയിലും ജോലിസ്ഥലത്തും സമൂഹത്തിലും ഞാൻ എത്തിക്കും.

കാരണം, അന്ധകാരത്തിന് വെളിച്ചത്തെ കീഴടക്കാനാവില്ല.

കർത്താവായയേശുക്രിസ്തു നമ്മിൽ വസിക്കുമ്പോൾ നാം പ്രകാശിക്കാൻ വിളിക്കപ്പെട്ടവരാണ്.

**എഴുന്നേറ്റു പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു** - യെശയ്യാവ് 60:1.

കർത്താവായ യേശുക്രിസ്തുവിന്റെ വെളിച്ചം നാം ഓരോരുത്തരിലൂടെയും ശോഭയോടെ പ്രകാശിക്കട്ടെ. അത് നിരാശർക്കു പ്രത്യാശയും, തകർന്നവർക്ക് ആശ്വാസവും, വഴിതെറ്റിപ്പോയവർക്കു വഴികാട്ടിയായും അവന്റെ നാമത്തിനു മഹത്വം നൽകട്ടെ.

ആമേൻ!

******************

## 57TH ANNIVERSARY CELEBRATION - Special Guests





Sis. Padma Mudaliar, Sis. Jebakumari David, and Sis. Sheeba (Singer) were our special guests on these days.

God mightily used each of them to strengthen and edify the faith of those who attended the services, as well as those who watched the programmes through our YouTube channel, **Echo of His Call**.

We praise God for using them as instruments of blessing and encouragement to His people.

## WANTED

We are looking for dedicated and responsible individuals to join our ministry team.



**1. Office Staff & Leaders**

Applicants should be computer literate and have a good command of English.



**2. Car Drivers**

Responsible and experienced drivers are required.



**3. Security Staff**

Reliable and responsible individuals are required for security duties.

***Interested candidates may send their bio-data to:***

WhatsApp: +91 98412 71858

Email: sam@echoofhiscall.org

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : **Triplicane, Chennai-5**
Name : **S. Sam Selva Raj**
A/C No. : **1023 2934 679**
IFSC : **SBIN 00 00 249**
SWIFT CODE : **SBI NIN BB 455**

### *2. Bank : ICICI Bank*

Branch : **Anna Salai, Chennai-6**
Name : **Echo of His Call**
A/C No. : **6038 0502 2319**
IFSC : **ICIC 000 6038**

### *3. Bank : State Bank of India*

**(This Account is for Tax Exemption for Indians only )**

Branch : **Triplicane, Chennai-5**
Name : **Echo of His Call Educational Trust**
A/C No. : **1023 2923 805**
IFSC : **SBIN 00 00 249**

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

State Bank of India 6069
UPI ID: echosamselvaraj@oksbi

**Google Pay: 98410 71858**
**PayPal : SAM SELVA RAJ**

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/– രൂപ      ആയുഷ്കാല വരിസംഖ്യ : 2000/– രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.


## ECHO OF HIS CALL

10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org


**YOU CAN SEND YOUR DONATION ONLINE ALSO**


**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel"**
**on 5th OCTOBER 2026.**
**If un-delivered please return to:**

**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**


## *JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**